**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1831 **05.10.2016**-ലെ മറുപടിക്ക്

<u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീടുകൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൽദോ എബ്രഹാം** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | 2011-16 കാലഘട്ടത്തിൽ വിവിധ പദ്ധതികളിലുൾപ്പെടുത്തി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എത്ര വീടുകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | 2011-16 കാലഘട്ടത്തിൽ വിവിധ പദ്ധതികളിലുൾപ്പെടുത്തി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 43334 വീടുകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ 19227 വീടുകൾ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. |
| (ബി) | പ്രസ്തുത വീടുകളിൽ എത്രയെണ്ണം താമസയോഗ്യമാക്കി കൈമാറിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത വീടുകളിൽ 19227 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ തന്നെ വീട് നിർമ്മിക്കുന്നതിനാൽ വീടുകൾ കൈമാറേണ്ട ആവശ്യമില്ല. |
| (സി) | പൂർത്തിയാക്കാൻ ബാക്കിയുള്ള വീടുകളുടെ നിലവിലെ സ്ഥിതി എന്താണെന്നും പൂർത്തിയാകാത്തതിനുള്ള കാരണം എന്താണെന്നും അറിയിക്കാമോ; | (സി) | ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. വീട് നിർമ്മാണത്തിന്റെ ഓരോ സ്റ്റേജ് കഴിയുമ്പോഴും സ്റ്റേജ് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കിയാൽ മാത്രമേ തുടർഗഡുക്കൾ അനുവദിക്കാനാവുകയുള്ളൂ. കെട്ടിട നിർമ്മാണ സാധനങ്ങളുടെ വില വർദ്ധനവ്, അമിതമായ ചുമട്ടുകൂലി, നിർമ്മാണ തൊഴിലാളികളുടെ അഭാവം, പ്രകൃതി ക്ഷോഭം, വകുപ്പ് നിഷ്കർഷിച്ചിട്ടുള്ളതിൽ കൂടുതൽ വലിപ്പത്തിലുള്ള വീട് നിർമ്മാണം തുടങ്ങി വിവിധ കാരണങ്ങളാൽ നിർദ്ദിഷ്ട സ്റ്റേജ് പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്ക് തുടർ ഗഡുക്കൾ അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി താമസത്തിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | വീടുകളുടെ നിർമ്മാണത്തിന്റെ ഓരോ സ്റ്റേജും പൂർത്തിയാക്കി സ്റ്റേജ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർഗഡുക്കൾ അനുവദിക്കുന്നതാണ്. ഗുണഭോക്താക്കൾ തന്നെ വീട് നിർമ്മാണം നടത്തുന്നതിനാൽ വീടുകൾ പൂർത്തിയാക്കി താമസത്തിന് കൈമാറേണ്ട ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ